**കേരളസർക്കാർ**
**കോളേജ് വിദ്യാഭ്യാസ വകുപ്പ്**

ആർ1/101578/2018/കോ:വി:വ: തിരുവനന്തപുരം, തീയതി: 17-08-2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്കോളർഷിപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ സംബന്ധിച്ച്

സൂചന:- സ.ഉ.(അ) നമ്പർ. 24/2014/ഉ.ഭ.പ.വ. തീയതി: 31-07-2014.

*********

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന സർക്കാർ അനുവദിച്ച് നൽകുന്ന വിവിധ സ്കോളർഷിപ്പുകൾക്ക് വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധ രേഖകളുടെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകണമെന്ന് വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. ഭാരത സർക്കാരിന്റെ രണ്ടമത് ഭരണപരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ടിൽ സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്ന ശുപാർശ അംഗീകരിച്ച് കേരള സർക്കാർ സൂചനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഏതെങ്കിലും നിയമത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളവ ഒഴികെ, അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും രേഖകളും സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി അന്തിമ ഘട്ടത്തിൽമാത്രം അസ്സൽ രേഖകൾ ഹാജരാക്കണമെന്ന നിബന്ധനയോടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാകും.

ഇങ്ങനെ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് പിന്നീട് തെളിയുന്നപക്ഷം അപേക്ഷകർ നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരം ശിക്ഷാർഹമാണ്. സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

സൂപ്രണ്ട്

ശ്രീജ/17-08-18